ശ്രീ. ജോസഫ് മുണ്ടശ്ശേരി : ബ്ലോക്കിലുള്ള ലേബർ കോൺട്രാക്ടർ സൊസൈറ്റിയുടെ പ്രസിഡണ്ട് ബ്ലോക്ക് ആഫീസറാണ്. അതുകൊണ്ട് ആ സൊസൈറ്റിയുടെ പ്രവർത്തനത്തിൽ ഒരു നിയന്ത്രണം ചെലുത്തുവാൻ സാധിക്കും. പുറത്തുള്ള സൊസൈറ്റികളിൽ അതുപോലെ നിയന്ത്രണം ചെലുത്തുവാൻ സാധിക്കുകയില്ല.

ശ്രീ. ടി. കൃഷ്ണൻ : ഇപ്പോഴത്തെ നിലവിലിരിക്കുന്ന കോവാപ്പറേറ്റീവ് കോൺട്രാക്ടിനു പകരം വേറെ ഒരു കോൺട്രാക്ട് കൊണ്ടുവരുവാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ ?

Mr. Speaker: The question need not be answered as it relates to a future policy.

ശ്രീ. കെ. എം. ജോർജ്ജ് : ബ്ലോക്കിനു പുറത്തു സംഘടിപ്പിച്ചിട്ടുള്ള സൊസൈറ്റികൾക്ക് കോൺട്രാക്ട് എത്ര രൂപയുടെ വർക്കുകൾ കൊടുത്തിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ആ സൊസൈറ്റികൾ സാധാരണ രീതിയിൽ ടെൻഡർ കൊടുത്തു പണി ഏറ്റെടുത്തു നടത്തുകയാണ് ചെയ്യുന്നത്.

ശ്രീ. സി. എ. മാത്യു : ബ്ലോക്കിനകത്തുള്ള സൊസൈറ്റികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് കൊടുത്തിട്ടുള്ളത് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സാധാരണ സൊസൈറ്റികൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങളെല്ലാം അവർക്കും കിട്ടും.

അയിത്തോച്ചാടന പ്രവർത്തനം.

* 1360. [11] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനോദ്ധാരണവകുപ്പിൻകീഴിൽ നടത്തുന്ന അയിത്തോച്ചാടന പ്രവർത്തനങ്ങൾകൊണ്ട് അവ അർഹിക്കുന്ന ഗുണം ലഭിക്കുന്നില്ലെന്നു ഭരണകക്ഷിയിലെ മെമ്പറന്മാർ പരാതികൾ ഉന്നയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയെടുക്കുവാൻ ഉദ്ദേശിക്കുന്നു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പ്രൈവറ്റ് ആയുർവ്വേദ ആശുപത്രികൾക്ക് നൽകുന്ന ഗ്രാന്റ്.

* 1361. [12] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റായി നടത്തുന്ന ആയുർവ്വേദ ആശുപത്രികൾക്ക് ഗ്രാന്റ് നൽകുന്നുണ്ടോ ;

(ബി) മലബാറിലും തിരുവിതാംകൂറിലും ഗ്രാന്റ് സംബന്ധിച്ചു വല്ല ഏകീകരണവും വരുത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly